ത്തിൽ നിന്നും കൂടുതൽ സഹായം ആവശ്യപ്പെട്ടും സാമ്പത്തികഞെരുക്കം കുറയ്ക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

28 (*27) ഇറക്കുമതി നയം

ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.രാജു :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഇറക്കുമതി സാമ്പത്തികനയങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ഓരോ മേഖലയിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഓരോ മേഖലയിലും ഇതുവരെ ഉണ്ടായിട്ടുള്ള നഷ്ടം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രതിസന്ധി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഇറക്കുമതി സാമ്പത്തിക നയങ്ങളുടെ ഭാഗമായി സംസ്ഥാനത്തിന്റെ സമസ്തമേഖലകളിലും പ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. പ്രത്യേകിച്ച് കാർഷിക വ്യാവസായിക മേഖലകളിൽ.

(ബി) ഈ പ്രതിസന്ധികളെക്കുറിച്ച് പഠിക്കുവാനും, പോംവഴികൾ കണ്ടുപിടിക്കുവാനും വേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വിവിധ വകുപ്പു മേധാവികൾ അംഗങ്ങളായും സംസ്ഥാനതലത്തിൽ, ഒരു ലോക വ്യാപാര സംഘടനാ ടാസ്ക് ഫോഴ്സ് കമ്മിറ്റിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ പ്രധാന വകുപ്പുകളിൽ ലോക വ്യാപാര സംഘടനയുമായി ബന്ധപ്പെട്ടുണ്ടാവുന്ന സംഭവവികാസങ്ങൾ കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുവാൻ സാധ്യതയുള്ള മേഖലകളായ കൃഷി, സേവനം, തുണി, വ്യവസായം നിക്ഷേപം, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനായി സെക്ടറൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ പ്രത്യേകം പ്രത്യേകം യോഗം കൂടി ഓരോ മേഖലകളെക്കുറിച്ചും പഠിച്ചു വരികയാണ്.

(സി) ഓരോ മേഖലകളിലും ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ യഥാർത്ഥ വിവരം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഡി) ഉണ്ട്. പുതിയ ഇറക്കുമതിനയം മൂലം കയറും കയറുല്പന്നങ്ങളും ഇറക്കുമതി ചെയ്യാനുള്ള നടപടി നിർത്തലാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ശ്രീലങ്കയുമായി ഒപ്പിട്ടിരിക്കുന്ന നികുതിരഹിത സ്വതന്ത്ര വ്യാപാരക്കരാർ പ്രകാരം ഇന്ത്യയിലേക്ക് നികുതിരഹിതമായി ഇറക്കുമതി അനുവദിക്കാത്ത ഉല്പന്നങ്ങളുടെ കൂട്ടത്തിൽ കേരളത്തിലെ കാർഷികോല്പന്നങ്ങൾ ഉൾപ്പെടുത്തണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നും കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല.

29 (*29) മുല്ലപ്പെരിയാർ അണക്കെട്ടു സംബന്ധിച്ച തർക്കം

ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടുസംബന്ധിച്ച തർക്കം പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുല്ലപ്പെരിയാർ സംബന്ധിച്ച് തർക്കം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് കേന്ദ്രസർക്കാർ വിദഗ്ദ്ധസമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ഡി) വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റുമായി ചർച്ച വല്ലതും നടത്തിയിട്ടുണ്ടോ;

(ഇ) കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് സംസ്ഥാനത്തിന്റെ താത്പര്യത്തിനെതിരാണോ;

(എഫ്) എങ്കിൽ സംസ്ഥാനത്തിന്റെ താൽപര്യത്തിനെതിരായ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് സുപ്രീംകോടതി നിർദ്ദേശത്തിന് വിരുദ്ധമായാണ് കേന്ദ്രഗവൺമെന്റ് വിദഗ്ദ്ധസമിതിയെ നിശ്ചയിച്ചതെന്നറിയുന്നത് ശരിയാണോ; വിദഗ്ദ്ധസമിതിയെ നിശ്ചയിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരുമായി കേന്ദ്രസർക്കാർ ചർച്ചചെയ്തിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഐ) നൂറിലേറെ വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉറപ്പുപരിശോധിക്കാൻ യന്ത്ര സജ്ജീകൃത പരിശോധന നടത്തണമെന്നും അത് കേന്ദ്രവിദഗ്ദ്ധസമിതിയുടെ പ്രവർത്തനവിഷയങ്ങളിൽ ഉൾപ്പെടുത്തണം എന്നുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ;

(ജെ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം കൂട്ടുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള വിദഗ്ദ്ധ ഉപദേശം എന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly